www.malankaralibrary.com

രണ്ട്

# ധ്യാനോപയോഗിയായ എഴുത്തുവഴി

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

**കേ**രളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ സിറിയായിൽനിന്നുവന്ന് കുടിയേറിത്താമസിച്ച വളരെ ചുരുക്കം ചിലരുടെ സന്തതിപരമ്പരകളല്ല. അവർക്ക് ക്രിസ്തുമതത്തോളം പഴക്കമുണ്ടെന്നാണ് വെപ്പ്. ക്രിസ്തുവർഷാരംഭത്തിൽ കേരളത്തിന്റെ പടിഞ്ഞാറൻ പ്രദേശത്തുണ്ടായിരുന്ന സവർണ്ണഹിന്ദുക്കളിൽ കുറെ പേർ ക്രിസ്തുമതാനുയായികളായിത്തീർന്നുവെന്ന് ഐതിഹ്യമുണ്ട്. അതിനുപോൽബലകങ്ങളായ ഏതാനും വസ്തുതകൾ ഉണ്ടുതാനും.

അക്കാലത്ത് ക്രിസ്തുമതാനുയായികളായിത്തീരുക എന്നു വച്ചാൽ പുറമേ യാതൊരു മാറ്റവും വരുത്താതെ ക്രൈസ്തവ ധർമ്മത്തിൽ ആഭിമുഖ്യം ഉണ്ടാവുക എന്നു മാത്രമായിരുന്നു. ആ സ്ഥിതിക്ക് സവർണ്ണഹിന്ദുക്കളിൽ കുറേപ്പേർ ബൗദ്ധധർമ്മം അനുസരിച്ചതുപോലെ വേറെ കുറേപ്പേർ ക്രൈസ്തവധർമ്മവും അനുസരിച്ചിരിക്കാം. ഏതായാലും അങ്ങനെ വിധർമ്മികളായിത്തീർന്ന ഏതാനും സവർണ്ണഹിന്ദുക്കളുടെ സന്തതി പരമ്പരകളാണ് സിറിയൻ ക്രിസ്ത്യൻ സമുദായത്തിലെ ഭൂരിപക്ഷമാളുകളും എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല.

തറവാട്ടുകാരെന്നഭിമാനിക്കുന്ന സിറിയൻ ക്രിസ്ത്യൻ കുടുംബക്കാർക്കൊക്കെത്തന്നെയും ഇരട്ടപ്പേരുണ്ട്; കരപ്പേരും വിളിപ്പേരും.

പോർച്ചുഗീസുകാർ വന്ന കാലംവരെ അവരുടെ എല്ലാ ആചാരക്രമങ്ങളും സവർണ്ണഹിന്ദുക്കളുടേതായിരുന്നു. ഉടുപ്പിലും നടപ്പിലും ഭക്ഷണത്തിലും പുലികളിയിലും കല്യാണത്തിലുമെല്ലാം.

ഏറെക്കുറെ അന്നത്തെ ആചാരദീക്ഷകൾ ഇന്നുമുണ്ട്.

സാംസ്കാരികമായും അവർ സവർണ്ണഹിന്ദുക്കളിൽനിന്നു വ്യത്യസ്തമായിരുന്നില്ല. നമ്പൂതിരിമാരെയും മറ്റുംപോലെ. സംസ്കൃതവിദ്യാഭ്യാസമാണ് അവരും ചെയ്തു പോന്നിരുന്നത്.

www.malankaralibrary.com



അവയെയെല്ലാം നിരോധിച്ചുകൊണ്ട് പുതിയൊരു ജീവിതക്രമം അടിച്ചേല്പിച്ചത് പോർച്ചുഗീസാധിപത്യമാണ്. അതിനെ പഴയ തറവാട്ടുകാരിൽ മിക്കവരും എതിർക്കുകയുണ്ടായി. ആ എതിർപ്പ് സിറിയൻ ക്രിസ്ത്യൻ സമുദായത്തിന്മേൽ നിന്നു പോർച്ചുഗീസാധിപത്യം വിട്ടുപോയതുവരെ ഉണ്ടായിരുന്നുതാനും.

കേരളീയ സംസ്കാരവും അതനുസരിച്ചുള്ള നടപടിക്രമങ്ങളും നിലനിറുത്തി സിറിയൻ ക്രിസ്ത്യൻ സമുദായത്തെ സവർണ്ണഹിന്ദുക്കളിൽ നിന്നകന്നുപോകാതെ സൂക്ഷിക്കാൻ ആയുഷ്ക്കാലം മുഴുവൻ പ്രവർത്തിച്ച കെങ്കേമന്മാർ പലരും സുറിയാനി ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ നിന്നു പൊന്തിവന്നിട്ടുണ്ട്. അവരിൽ ചിലർ സാഹിത്യപ്രണയികളായി പറയത്തക്ക സേവനവുമനുഷ്ഠിച്ചിട്ടുണ്ട്. വൈദികരുമുണ്ട്, വൈദികരല്ലാത്തവരുമുണ്ട് അക്കൂട്ടത്തിൽ.

ഒന്നാമത്തെ ഗണത്തിൽ വിശേഷിച്ചോർക്കപ്പെടേണ്ടവരാണ് നിധീരിക്കൽ മാണിക്കത്തനാരും, ചാവറ കുര്യാക്കോസ് ഏലിയാസച്ചനും മറ്റും.

വിദേശ മിഷണറിമാർ കേരളത്തിൽ വന്നു ഭാഷാപോഷണത്തിനും മറ്റുമായി കുറേയേറെ പ്രയത്നിച്ചിട്ടുണ്ടെന്ന സത്യം പ്രസിദ്ധമാണല്ലോ. അച്ചുകൂടങ്ങളേർപ്പെടുത്തുകയും പുസ്തകപ്രസാധനമാരംഭിക്കുകയും മലയാളഗദ്യത്തിന്റെ വളർച്ചയ്ക്കാവശ്യമായ ചട്ടവട്ടങ്ങൾ ഒരുക്കുകയുമെല്ലാം ചെയ്തത് ഏറിയകൂറും അവരാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അക്കൂട്ടത്തിൽ സാഹിത്യകൃതികളിലും അവർ കൈവയ്ക്കാതിരുന്നില്ല.

അതിനേറ്റവും നല്ല തെളിവാണ് അർണ്ണോസ് പാതിരിയുടെ പാനപ്പാട്ടുകൾ. സൂക്ഷിച്ച് പരിശോധിച്ച് അച്ചടിച്ചു പോരാഞ്ഞതിനാൽ കുറെയേറെ അറ്റകുറ്റങ്ങൾ അങ്ങിങ്ങായി കണ്ടേക്കാമെങ്കിലും ആ പാട്ടുകൾ ഇന്നും ഒരതിർത്തി വരെ വിലമതിക്കപ്പെടേണ്ടവയാണ്.

യൂറോപ്യൻ മിഷണറിമാരെക്കാളും കൂടുതൽ ലാഘവത്തോടും ഭാഷാശുദ്ധിയോടും കൂടി സാഹിത്യം കൈകാര്യം ചെയ്തവരാണ് സ്വദേശികളായ വൈദികവര്യന്മാർ. നിധീരിക്കലച്ചനേയും ചാവറ ഏലിയാസച്ചനേയും മറ്റുമാണ് ഞാനിവിടെ വിവക്ഷിക്കുന്നത്. അവർ മലയാളത്തിലും ക്രിസ്ത്യൻ വൈദികഭാഷകളിലുമെന്നപോലെ സംസ്കൃതത്തിലും വ്യുത്പന്നരായിരുന്നു.

## ചാവറപർവ്വം

ഏലിയാസച്ചൻ ക്രിസ്തുവർഷം 1805 ഫെബ്രുവരി മാസത്തിലാണ് ജനിച്ചത്. സാധാരണ വിദ്യാഭ്യാസത്തിനുശേഷം പള്ളിപ്പുറം സെമിനാരിയിൽ വച്ച് വൈദികോചിതമായ വിദ്യാഭ്യാസം നടത്തി 24-ാമത്തെ വയസ്സിൽ പൗരോഹിത്യം സ്വീകരിച്ചു.

www.malankaralibrary.com



മലയാളത്തിലന്നത്തെ പ്രഗൽഭപ്രസംഗകരിൽ ഒരാളായിത്തീരാൻ അദ്ദേഹത്തിന് എളുപ്പത്തിൽ സാധിച്ചു. ബഹുഭാഷാ പാണ്ഡിത്യവും വിജ്ഞാന സമ്പത്തുമാണ് അദ്ദേഹത്തെ ആ നിലയിലെത്തിച്ചത്. കേരളത്തിൽ കർമ്മ ലീത്താ സന്യാസസഭയുടെ ആസ്ഥാനമായി മാന്നാനത്താശ്രമം സ്ഥാപിക്കുന്നതിന് മുൻകൈയെടുത്ത ഏതാനും പ്രാമാണിക വ്യക്തികളിൽ ഒരാളായിരുന്ന അദ്ദേഹം ഏതാണ്ട് അൻപതാമത്തെ വയസ്സിൽ ആ സഭയുടെ പ്രിയോരായിത്തീരുകയുണ്ടായി.

സഭാപ്രവർത്തകരിൽ മുഖ്യനെന്ന നിലയ്ക്ക് ഭാരിച്ച പല കർത്തവ്യങ്ങളും നിർവ്വഹിക്കാനുണ്ടായിരുന്നു അദ്ദേഹത്തിന്. എന്നിട്ടും സ്വതഃസിദ്ധമായ സാഹിത്യപോഷണ വ്യഗ്രതയിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല.

മാന്നാനത്താശ്രമത്തോടനുബന്ധിച്ച് വലിയൊരച്ചുകൂടം സ്ഥാപിച്ചതദ്ദേഹമാണ്. അവിടെനിന്നുണ്ടായിട്ടുള്ള പ്രസിദ്ധീകരണങ്ങൾക്ക് കൈയും കണക്കുമില്ല. കോട്ടയത്തുനിന്നച്ചടിച്ചിറങ്ങുന്ന *ദീപിക*പത്രം ആ അച്ചുകൂടത്തിന്റെ വൈജയന്തികയാണ്.

അച്ചുകൂടം സ്ഥാപിച്ചതിനു ശേഷം ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക ജിവിതത്തിനുപകരിക്കുന്ന പല കൃതികളും എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി അദ്ദേഹം. അർണ്ണോസ് പതിരിയുടെ പാനപ്പാട്ടുകളിലെന്നപോലെ, ഏലിയാസച്ചന്റെ കൃതികളിലും ഇന്നത്തെ നിലയ്ക്കു നോക്കിയാൽ പാക ക്കേടുകൾ കണ്ടേക്കാം. എന്നാലും കഷ്ടിച്ചൊന്നര നൂറ്റാണ്ടിന്നപ്പുറത്തു നിന്നെഴുതിയ ഗദ്യവും പദ്യവുമാണെന്നു വെച്ചു നോക്കിയാൽ ആ കുറ്റവും കുറവും അത്ര സാരമാക്കിക്കൂടാ. അദ്ദേഹത്തിന്റെ ഗദ്യത്തിന് സാമാന്യം നല്ല മിഴിവുണ്ട്.

*നാളാഗമം* എന്ന പേരിൽ അദ്ദേഹം രചിച്ച ആത്മകഥാപ്രായമായ കൃതി, ലളിതമലയാളത്തിൽ കൊച്ചുകൊച്ചു വാക്യങ്ങളിലായി മലങ്കര സുറിയാനി സഭയിലെ ചരിത്രപ്രധാനങ്ങളായ പല പല സംഭവങ്ങളേയും പരാമർശിച്ചു കൊണ്ടെഴുതിപ്പോയിട്ടുള്ള ഒന്നാകുന്നു. അതുപോലെ തന്നെ റോക്കോസ് ശീശ്മയെ വിമർശിച്ചെഴുതിയ പുസ്തകവും ലളിത മലയാള ഗദ്യശൈലിയിൽ അദ്ദേഹത്തിനുള്ള കഴിവിനെ വിളംബരപ്പെടുത്തുന്നുണ്ട്.

## പുനർവായനയിൽ

*തീക്കപ്പൽ നീക്കി പുക കാൺമാൻ മേലാതെ ആകുന്നവരെയും ആ ഭാഗക്കാർ കടപ്പുറത്തു നിന്നു നോക്കുകയും ചിലർ കണ്ണുനീർ ചൊരിഞ്ഞു കരഞ്ഞു ദുഃഖം കാണിക്കുകയും ചെയ്തു.*

നുറ്റമ്പതിലേറെ കൊല്ലം മുമ്പെഴുതിയ ഈ വാക്യം ഇന്നെഴുതിയതു പോലെ ലളിതവും സുന്ദരവുമായിരിക്കുന്നുവെന്നു വ്യക്തമാണല്ലോ. ഏലിയാസച്ചനെഴുതിയിട്ടുള്ള എല്ലാ കൃതികളും മതവിഷയങ്ങളാണ്. ചിലതു

www.malankaralibrary.com



പോർച്ചുഗീസുകാരുടെ ഭരണത്തിൽ നിന്നു മോചനം നേടാനും ശീശ്മകളെ പരാജയപ്പെടുത്താനും ആഹ്വാനം ചെയ്തുകൊണ്ടുള്ളവയും മലങ്കരസഭയ്ക്കുള്ളിൽ നടന്ന പോരാട്ടത്തെക്കുറിച്ചു പ്രതിപാദിക്കുന്നവയും വേറെ ചിലത് ആധ്യാത്മജീവിതത്തിൽ സംയമബുദ്ധ്യാ അനുഷ്ഠിക്കേണ്ട ക്രിയാദികളെക്കുറിച്ചുള്ളവയുമാണ്. ഗദ്യകൃതികൾക്കാണ് സ്വാരസ്യമധികം. വാക്യരചന മിക്കവാറും നിർദോഷവുമാണ്.

ക്രൈസ്തവപാരമ്പര്യമനുസരിച്ച് ജഗദീശനെ ധ്യാനിച്ച് സാക്ഷാത്കരിക്കാൻ അവിടുത്തെ അവതാരമായ ക്രിസ്തുവിന്റെ ജീവിതമുൾക്കൊണ്ട് ആത്മാവിനെ പവിത്രീകരിക്കുകയും ഉന്നമിപ്പിക്കുകയും ചെയ്യുക എന്നതാണ് പരക്കെ കൈക്കൊള്ളാറുള്ള പരിപാടി. ലോകരക്ഷാർത്ഥം പ്രാണാഹൂതി ചെയ്ത ക്രിസ്തുവിന്റെ വ്യക്തരൂപമായ ഓരോ കർമ്മത്തേയും മനസ്സിൽ സ്വരൂപിച്ചു ധ്യാനിക്കാൻ എളുപ്പമാണല്ലോ. അരൂപനായ ഈശ്വരനെ സങ്കല്പിച്ച് ധ്യാനിക്കാൻ ക്രിസ്തുവിന്റെ ജീവിതം ഒരവലംബമായിത്തീരുന്നുവെന്നു ചുരുക്കം. അതിനു നശ്വരങ്ങളായ ലോകസൗഭാഗ്യങ്ങളിൽ നിന്നു മനസ്സിനെ തിരിപ്പിച്ചു നിവർത്തിപ്പിച്ചു ക്രിസ്തുവിന്റെ ജീവിതത്തിൽ ഏകാഗ്രമാക്കിത്തീർക്കണമെന്നേ ഉള്ളു. മിക്കവാറും ഈ പരിപാടിയെ ആസ്പദിച്ചുള്ളതാണ് ക്രൈസ്തവവിധിപ്രകാരമുള്ള സന്യാസം. ചാവറയച്ചൻ ധ്യാനോപയോഗികളായി രചിച്ചിട്ടുള്ള *ആത്മാനുതാപാ*ദികൃതികളിൽ ക്രിസ്തുവിന്റെ ജീവിതവും മനുഷ്യന്റെ ദൗർബല്യങ്ങളും വിസ്തരിച്ചു പ്രതിപാദിക്കാനുള്ള പ്രേരണ കാണുന്നു. ഇതു ഈ സന്യാസ പാരമ്പര്യത്തിൽനിന്നുണ്ടായതാണ്. കുറേയേറ നീണ്ട *ആത്മാനുതാപ*മെന്ന കൃതിയിൽ ക്രിസ്തുവിന്റെ ജീവിതം പ്രതിപാദിച്ചുപോകുന്നതിനിടയ്ക്ക് പല നല്ല ആശയങ്ങളും കാണാം. എല്ലാ സൗഭാഗ്യങ്ങളോടും കൂടി ജീവിച്ചൊടുവിൽ പടുവൃദ്ധനായി വടിയും കുത്തിപ്പിടിച്ച് കണ്ടാലാരുമറിയാത്തവനായി തപ്പിത്തപ്പി നടക്കുന്ന മനുഷ്യന്റെ ദൈന്യത്തെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ,

*വന്നതുമൊന്നുമില്ല പോയതുമൊന്നുമില്ല*
*വന്നതുപോലെയുള്ള തൊക്കെയുമിപ്പോളുണ്ട്*
*വന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ*
*മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?*

എന്ന പ്രസ്താവന എത്ര അർത്ഥവത്തായിരിക്കുന്നു?

മരണവീട്ടിൽ പാടുന്നതിനായി രചിച്ചിട്ടുള്ള *പാന*യിൽ, ഒരുപക്ഷേ കൂടുതൽ ഹൃദയദ്രുതികരങ്ങളായ കല്പനകളും വിവരണങ്ങളുമില്ലേ എന്നു തോന്നിപ്പോകുന്നുണ്ട്. ജീവിതകാലത്തിടപെട്ടിട്ടുള്ള കളത്രപുത്രാദികളെയും ആസ്വദിച്ചിട്ടുള്ള ക്ഷേമൈശ്വര്യങ്ങളെയും എല്ലാം കൈവിട്ടു ലോകത്തോടെന്നേക്കുമായി വിടവാങ്ങുന്ന ഘട്ടത്തെക്കുറിച്ചാകുമ്പോൾ കരളലിയിക്കുന്ന

www.malankaralibrary.com



പല കല്പനകൾക്കും പ്രസക്തിയുണ്ടാവുമല്ലോ. ഈ പാട്ടിൽ അർണ്ണോസ് പാതിരിയുടെ *പുത്തൻപാന* അങ്ങിങ്ങായി മാറ്റൊലിക്കൊള്ളുന്നുണ്ട്.

വരാപ്പുഴ ഭരണത്തിൻകീഴിൽ സുറിയാനിക്കാരുടെ വികാരിജനറാളായി അവരോധിക്കപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സാംസ്കാരിക രംഗത്തു മറ്റൊരു വലിയ കാര്യം കൂടി ചെയ്യുകയുണ്ടായി. ഇടവകതോറും പാഠശാലകൾ ഏർപ്പെടുത്തിക്കൊള്ളണം എന്നുത്തരവിടുവിപ്പിച്ചതാണ് അത്.

എല്ലാംകൊണ്ടും പ്രഗൽഭനായിരുന്ന ഈ പുരോഹിതമുഖ്യൻ മലങ്കര നസ്രാണികൾ എന്നറിയപ്പെടുന്ന ജനസമുദായത്തിന്റെ ബഹുമുഖമായ അഭ്യുദയത്തിനു വേണ്ടി ആയുഷ്ക്കാലം മുഴുവൻ തീവ്രയത്നം ചെയ്ത ഒരു പുണ്യാത്മാവാണ്. അദ്ദേഹത്തിന്റെ പാവനസ്മരണ പുതിയ തലമുറയ്ക്ക് സാമൂഹികസേവനത്തിനും മറ്റും മേൽക്കുമേൽ പ്രചോദനം നൽകുമാറാകട്ടെ.

■

---

ചാവറപിതാവിന്റെ ചരമശതാബ്ദിയാചരണവേളയിൽ നടത്തിയ അനുസ്മരണം.